(8) പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് അനുവദിച്ച മെയിന്റനൻസ് അലവൻസ് ലാപ്സ് ആകാതിരിക്കാൻ നടപടി.

ശ്രീ. നാലകത്ത് സൂപ്പി : രാജ്യത്തിലെ പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഒരു സ്കീം തയ്യാറാക്കുകയും അതനുസരിച്ച് 20 കോടി രൂപ കേരളത്തിലെ പിന്നോക്ക വിഭാഗ വിദ്യാർത്ഥികളിൽ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം അലവൻസായി നൽകാൻ ഉത്തരവ് വരികയും 20 കോടി രൂപ അനുവദിച്ചതായി അറിയിക്കുകയും ചെയ്തു. അത് മെയിന്റനൻസ് അലവൻസ് എന്നുള്ള രീതിയിലാണ് അനുവദിച്ചത്. അതനുസരിച്ച് സംസ്ഥാന ബഡ്ജറ്റിൽ ഇക്കൊല്ലം 20 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു. പക്ഷേ മാസങ്ങൾ കഴിഞ്ഞിട്ടും ആ തുക കൊടുക്കാൻ സാധിച്ചിട്ടില്ല. പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റാണ് ഇതിന് തീരുമാനം എടുക്കേണ്ടത്. നടപടിക്രമങ്ങൾ പൂർത്തിയാകാത്തതു കാരണം കൊടുക്കാൻ സാധിച്ചിട്ടില്ല. ആദ്യമായിട്ടാണ് പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് അഞ്ച് കാറ്റഗറിയായി തിരിച്ച് മെയിന്റനൻസ് എന്നുള്ള നിലയിൽ ഒരു സംഖ്യ കൊടുക്കാൻ തീരുമാനമായത്. സംസ്ഥാന ഗവൺമെന്റ് ഈ നീക്കിവച്ച സംഖ്യയെടുത്ത് നേരത്തെ വിതരണം ചെയ്തിരുന്നുവെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും റീ-ഇംബേഴ്സ്മെന്റായി നമുക്ക് ആ സംഖ്യ കിട്ടുമായിരുന്നു. അത് വിതരണം ചെയ്യാത്തതുകൊണ്ട് ആ സംഖ്യ നഷ്ടപ്പെടുന്നു. വിദ്യാർത്ഥികൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്നു. ഈ അവസ്ഥ പുനഃപരിശോധിച്ച് ഗവൺമെന്റിന് നീക്കിവച്ച സംഖ്യ കൊടുക്കാൻ നടപടിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച, പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്കായി സെൻട്രൽ ഗവൺമെന്റ് 20 കോടി രൂപ അനുവദിച്ചുവെന്ന് പറയുന്നത് ശരിയല്ല. അങ്ങനെ ഒരു രൂപ പോലും അനുവദിച്ചിട്ടില്ല. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് post-metric studies ന് കഴിഞ്ഞ വർഷം മുതൽ ഒരു സ്കീം നടപ്പിലാക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് ഒരു പ്രൊപ്പോസൽ തയ്യാറാക്കി അയയ്ക്കാൻ വേണ്ടി പറഞ്ഞിരുന്നു. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഒരു ഡീറ്റെയിൽഡ് പ്രൊപ്പോസൽ തയ്യാറാക്കി സെൻട്രൽ ഗവൺമെന്റിന് അയച്ചുകൊടുത്തു. സെൻട്രൽ ഗവൺമെന്റ് ആ സ്കീം അപ്രൂവ് ചെയ്തു തന്നിട്ടില്ല, സംസ്ഥാന ഗവൺമെന്റിന് ഫണ്ട് അനുവദിക്കുകയുമുണ്ടായില്ല. ഫണ്ട് അനുവദിച്ചില്ലായെങ്കിൽപ്പോലും അനുവദിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി സംസ്ഥാന ഗവൺമെന്റ് 20 കോടി രൂപ ബഡ്ജറ്റിൽ മാറ്റി വച്ചു. എന്നാൽ സെൻട്രൽ ഗവൺമെന്റിന്റെ സാംഗ്ഷൻ കിട്ടാത്തതുകൊണ്ട് ആ പദ്ധതി നടപ്പാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മാത്രവുമല്ല, സംസ്ഥാന ഗവൺമെന്റിന് 20 കോടി തരാൻവേണ്ടി സെൻട്രൽ ഗവൺമെന്റ് പൈസ മാറ്റി വച്ചതായി ഒരറിയിപ്പും നമുക്ക് ലഭിച്ചിട്ടില്ല. ഈ വർഷം വിവിധ സ്കീമുകൾക്കായി പിന്നോക്ക വിഭാഗത്തിനും അതുപോലെ തന്നെ പട്ടികജാതി വിഭാഗങ്ങൾക്കുമുള്ള പുതിയ സ്കീമിനുവേണ്ടി സെൻട്രൽ ഗവൺമെന്റ് മാറ്റി വച്ചിരിക്കുന്നത് കേവലം 47 കോടി രൂപ മാത്രമാണ്. അത് അഖിലേന്ത്യാ തലത്തിൽ എല്ലാ സ്റ്റേറ്റ്സിനും കൊടുക്കാൻ വേണ്ടിയാണ്. 20 കോടി കിട്ടുമെന്നുള്ള പ്രതീക്ഷ തന്നെ അസ്ഥാനത്താണ്. ഈ സ്കീം അപ്രൂവ് ചെയ്ത് കിട്ടുകയാണെങ്കിൽ നടപ്പിലാക്കുകയെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവൺമെന്റ് ആ അപ്രൂവൽ നൽകാത്തതുകൊണ്ട് ഈ വർഷം നമ്മുടെ ഈ സ്കീം ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ യാതൊരു അനാസ്ഥയും വീഴ്ചയും വരുത്തിയിട്ടില്ല. അതുപോലെ തന്നെ പട്ടികജാതി വികസന വകുപ്പും ഈ കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല. ഈ സ്കീം സെൻട്രൽ ഗവൺമെന്റ് അംഗീകരിച്ചു തരാത്തതു കൊണ്ട് നടപ്പിലാക്കാൻ പ്രയാസമാണ്. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ഇപ്പോഴും സമ്മർദ്ദം ചെലുത്തുന്നുണ്ട്. വകുപ്പുസെക്രട്ടറി കേന്ദ്ര ഗവൺമെന്റുമായി ചർച്ചയിൽ ഏർപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ സ്കീം നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റിന് താൽപ്പര്യമുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് ഈ സ്കീം അപ്രൂവ് ചെയ്തു തന്നിട്ടില്ല. അതുകൊണ്ടാണ് നടപ്പിലാക്കാൻ കഴിയാതെ വന്നത്.

(9) ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമവും വൈദ്യുതി തകരാറുകളും പരിഹരിക്കുന്നത് സംബന്ധിച്ച്.

<u>ശ്രീ. സി.എഫ്. തോമസ്</u> : ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വൈദ്യുതി തകരാർ നിത്യസംഭവമായി മാറുകയാണ്. വോൾട്ടേജ് ആവശ്യത്തിന് ഇല്ലാത്തതു കാരണം നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ടൗണിലും പല കേന്ദ്രങ്ങളിലും ജനങ്ങൾ വളരെയേറെ വിഷമിക്കുന്നു. എപ്പോഴും ഇരുട്ടിലാണ്. അത് പരിഹരിക്കണമെങ്കിൽ ഒരു പോംവഴിയേയുള്ളൂ. ഒരു പുതിയ സബ്സ്റ്റേഷൻ ചങ്ങനാശ്ശേരിയിൽ സ്ഥാപിക്കണമെന്നുള്ളതാണ് വിദഗ്ദ്ധ ഉപദേശം കിട്ടിയിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ കാര്യം സംബന്ധിച്ച് ഒരു നിവേദനവും നൽകിയിട്ടുണ്ട്. പക്ഷേ ആ സബ്സ്റ്റേഷൻ സ്ഥാപിച്ചു വരുന്നതു വരെ ഇതിന് പെട്ടെന്ന് പരിഹാരമെന്ന് പറയുന്നത് ചെത്തിപ്പുഴയിൽ ഉള്ള സബ്സ്റ്റേഷനിൽ ഒരു പുതിയ ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുകയെന്നതാണ്. അതുപോലെ തന്നെ പള്ളത്തുനിന്നും ചെത്തിപ്പുഴയിലേക്ക് വരുന്ന കണ്ടക്ടർ കൂടുതൽ വലിപ്പമുള്ളതാക്കി മാറ്റണം. താൽക്കാലിക പരിഹാരമായി ഈ രണ്ടു കാര്യങ്ങളും ചെയ്യാമെങ്കിൽ ഈ പ്രശ്നം പരിഹരിക്കാമെന്ന് പറയുന്നു. അതുകൊണ്ട് ഈ രണ്ടു കാര്യങ്ങളും അടിയന്തിരമായി ചെയ്തു തരണം. മറ്റൊരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ. ഇന്നലെയും മിനിഞ്ഞാന്നും കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് ആയിരുന്നുവെങ്കിൽ ചങ്ങനാശ്ശേരിയിൽ ഓരോ മണിക്കൂർ വീതം ഔദ്യോഗികമായിത്തന്നെ ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കി. ആ പ്രശ്നം കൂടി ഇന്നു തന്നെ പരിഹരിക്കുവാൻ ആവശ്യമായ നിർദ്ദേശം കൊടുക്കണം.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ)</u> : ബഹുമാനപ്പെട്ട ശ്രീ. സി.എഫ്. തോമസ് ഇവിടെ വിശദീകരിച്ചതുപോലെ ചങ്ങനാശ്ശേരി വോൾട്ടേജ് ക്ഷാമം ഉള്ള പ്രദേശമായിട്ടു തന്നെയാണ് ബോർഡ് കണക്കാക്കിയിട്ടുള്ളത്. നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷനിൽ 10 എം.വി.എ. ട്രാൻസ്ഫോർമർ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ പരിഗണനയിലാണ്. കാലതാമസം ഒഴിവാക്കി അടിയന്തിരമായി തീരുമാനം എടുക്കുന്നതിന് ബോർഡിന് നിർദ്ദേശം കൊടുക്കുന്നതാണ്. കൂടാതെ ഇപ്പോൾ നിലവിലുള്ള പള്ളം മാവേലിക്കര 66 കെ.വി. ലൈനിന്റെ കണ്ടക്ടർ മാറ്റി ശേഷികൂടിയ കണ്ടക്ടർ വയ്ക്കുന്നതിന് തീരുമാനിച്ചു. ഈ ജോലിക്കുള്ള ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു. ടെണ്ടർ നടപടി പൂർത്തീകരിച്ചു കഴിഞ്ഞാൽ അതിന്റെ നിർമ്മാണം ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly